

*മലപ്പുറം എം എസ് പി പരേഡ് ഗ്രൗണ്ടിൽ നടന്ന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ജനസമ്പർക്ക പരിപാടിയിൽ നിന്ന്*

# പരാതികൾ പ്രളയമായി; ജനങ്ങളിലേക്കിറങ്ങി മുഖ്യമന്ത്രി

**മലപ്പുറം:** ജില്ലയൊന്നടങ്കം പരാതികളുമായി ഒഴുകിയെത്തിയിട്ടും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി തളർന്നില്ല. പരാതികൾ കേട്ടും തീർപ്പുകൽപ്പിച്ചും അദ്ദേഹം ജനങ്ങളിലേക്ക് ഇറങ്ങിയപ്പോൾ മലപ്പുറത്തിന് അത് പുതിയ അനുഭവമായി. മലപ്പുറം എം എസ് പി പരേഡ് ഗ്രൗണ്ടിൽ ജനസമ്പർക്ക പരിപാടിക്ക് മുഖ്യമന്ത്രിയെത്തിയത് കൃത്യം 9.30ന്. പരാതികൾ കേട്ടുകഴിഞ്ഞപ്പോൾ സമയം രാത്രി 10 മണി.

രാവിലെ ഏതാനും വാക്കുകളിലൊതുങ്ങുന്ന ഉദ്ഘാടന പ്രസംഗത്തിനു ശേഷം മുഖ്യമന്ത്രി വേദിയിൽ നിന്ന് നേരെ ജനങ്ങൾക്കിടയിലേക്കിറങ്ങി. ആദ്യം അവശരായവരിലേക്ക്. എല്ലാവർക്കും പറയാനുള്ളത് വേദനയിൽ കുതിർന്ന കണ്ണീർക്കഥകൾ. ആംബുലൻസിലും ഓട്ടോറിക്ഷയിലും വീൽചെയറിലുമെത്തിയ നൂറുകണക്കിന് രോഗികൾ, അവർക്കരികിലെത്തിയ മുഖ്യൻ എല്ലാം സശ്രദ്ധം കേട്ടു.

വാഹനാപകടത്തിൽ ഗുരുതരമായി പരുക്കേറ്റ് കഴിയുന്ന ഏറനാട് താലൂക്കിലെ കീഴുപറമ്പ് ആലുംകണ്ണിയിൽ പത്തൊൻപത് വയസ്സുകാരൻ ശമീം, അപൂർവ രോഗം ബാധിച്ച് കിടപ്പിലായ കൊണ്ടോട്ടി ചെമ്പ്രൻകുന്ന് കീരന്റെ മക്കളായ സജിത, സജീഷ്, സജിൽ, ബ്ലഡ് ക്യാൻസർ ബാധിച്ച പതിനൊന്ന് വയസ്സുകാരി വാലില്ലാപ്പുഴ റസ്നി, കാലുകളുടെ ചലനം നഷ്ടപ്പെട്ട വിനീഷ, ഭ്രൂണാവസ്ഥയിൽ തന്നെ സോറിയാസിസ് ബാധിച്ച നാൽപതുകാരി ഉഷാദേവി, മരത്തിൽ നിന്ന് വീണ് നട്ടെല്ല് തകർന്ന 34കാരൻ വളാഞ്ചേരി കൊളമംഗലം നർമാട് സുരേഷ്, മസ്കുലർ ഡിസ്ട്രോഫിയ എന്ന രോഗം ബാധിച്ച ഇരട്ടകളായ വിഷ്ണു, ജിഷ്ണു...... തന്നെ കാത്തിരുന്നവരെയെല്ലാം മുഖ്യമന്ത്രി നേരിൽ ചെന്ന് കണ്ടു. ആവശ്യമായവർക്കെല്ലാം ധനസഹായം, കുടുംബത്തിലുള്ളവർക്ക് പെൻഷൻ, സർക്കാർ ജോലി, എ പി എല്ലിൽ നിന്ന് ബി പി എല്ലിലേക്ക് മാറ്റൽ എന്നിങ്ങനെ അടിയന്തര സഹായങ്ങൾ മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ആവശ്യമെങ്കിൽ വീണ്ടും സഹായം അനുവദിക്കാമെന്ന ഉറപ്പും.

സമയം ഒരു മണിയായിട്ടും ക്ഷീണിതനാകാതെ ഇരിക്കാൻ പോലും മറന്ന് അദ്ദേഹം ഓടിനടന്നു. ഭക്ഷണം ഇടക്ക് ലഭിക്കുന്ന ഇളനീരിൽ മാത്രം ഒതുക്കി പരാതികൾ വായിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 327 പേർക്ക് 27 ലക്ഷം രൂപയുടെ ധനസഹായവും അദ്ദേഹം വിതരണം ചെയ്തു.

സ്ത്രീകളും പുരുഷൻമാരുമടങ്ങുന്ന ആയിരക്കണക്കിന് ആളുകളാണ് രാവിലെ മുതൽ തന്നെ ജനസമ്പർക്ക പരിപാടിക്കെത്തിയത്. പരാതികളുടെ പരിഹാരത്തിനായി സജ്ജീകരിച്ച 33 കൗണ്ടറുകളിലും നീണ്ട ക്യൂ അതിരാവിലെ മുതൽ പ്രത്യക്ഷപ്പെട്ടു. ഏറെയും റേഷൻ കാർഡ് ബി പി എൽ കാർഡുകളാക്കി മാറ്റുന്നതിന്. ബുധനാഴ്ച രാത്രി വരെ ലഭിച്ച പരാതികളുടെ എണ്ണം നാൽപ്പതിനായിരത്തിൽപ്പരം. ഇന്നലെയും പരാതി നൽകാനുള്ള സൗകര്യം നൽകിയതോടെ അത് അമ്പതിനായിരം കടന്നതായാണ് ഉദ്യോഗസ്ഥർ പറയുന്നത്. അർഹമായവർക്കെല്ലാം സഹായം ലഭ്യമാക്കുമെന്ന ഉറപ്പിലാണ് ജനം എം എസ് പി പരേഡ് ഗ്രൗണ്ട് വിട്ടത്.